തൊഴിലിടങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടി

59 (4114) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലിടങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംഘടനാ സംവിധാനം വ്യക്തമാക്കാമോ ;

(ബി) തൊഴിലിടങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിലിടങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പരിശോധനയും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നടപടികളും തൊഴിൽ വകുപ്പ് സ്വീകരിക്കാറുണ്ട്.

(ബി) സംസ്ഥാനത്ത് തൊഴിലിടങ്ങളിൽ തൊഴിൽ നിയമങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ജീവനക്കാരുടെ പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുതൽ ലേബർ കമ്മീഷണർവരെയുള്ള ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ/തൊഴിലിടങ്ങളിൽ പരിശോധന നടത്തി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ 22 കേന്ദ്ര നിയമങ്ങളും 8 സംസ്ഥാന നിയമങ്ങളുമുൾപ്പെടെ 30 നിയമങ്ങളനുസരിച്ച് പരിശോധന നടത്താറുണ്ട്. സംസ്ഥാനത്തെ തോട്ടങ്ങൾ, ഫാക്ടറികൾ, കടകൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള തൊഴിൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും നിയമനിഷേധം നടത്തുന്ന തൊഴിൽ ഉടമയ്ക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ടുനടത്തുന്ന പരിശോധനകൾക്ക് പുറമെ ഉന്നത ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ സ്കാഡ് പരിശോധനകളും പെട്ടെന്നുള്ള പരിശോധനകളും (Surprise inspection) നടത്താറുണ്ട്. തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താത്ത നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 'സ്റ്റോപ്പ് മെമ്മോ' നൽകി പ്രവർത്തനം നിർത്തിവയ്പിക്കുകയും നിയമാനുസൃതമുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയുമാണ് ചെയ്യുന്നത്.

കല്ല്, മണ്ണ് ഏജന്റ് തൊഴിലാളികൾക്ക് ക്ഷേമനിധി

60 (4115) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത തൊഴിലാളികളായ കല്ല്, മണ്ണ്, ഏജന്റ് തൊഴിലാളികളെ ഏതെങ്കിലും ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly